"**കേരളീയം** മാസിക റെയ്ഡ് ചെയ്ത് മൂന്നുപേരെ കസ്റ്റഡിയിലെടുത്ത വിവരം ഭാര്യയോടു പറഞ്ഞപ്പോൾ ഭാര്യയുടെ ആദ്യ പ്രതികരണം: എന്തെങ്കിലും ഇല്ലാതെ പോലീസങ്ങനെ ചെയ്യുമോ? എന്നായിരുന്നു. അതും പറഞ്ഞ് അവരങ്ങ് പോയെങ്കിലും അവരുടെ നോട്ടം എന്നിലേക്ക് തറച്ചുനിന്നു. 35 വർഷമായി അവരെന്റെ ഭാര്യയാണ്. അവളുടെ ആ നോട്ടത്തിൽ 35 വർഷത്തിനപ്പുറത്തെ വിശ്വാസം പോലീസിനുണ്ടെന്നത് എന്നെ ആശ്ചര്യപ്പെടുത്തി."

കേരളീയം സഹയാത്രികനായ ഒരു വ്യക്തിയുടെ വാക്കുകളാണിത്. അദ്ദേഹത്തിന്റെ ഭാര്യയുടെ വാക്കുകളിൽ ആശ്ചര്യപ്പെടേണ്ടതില്ല. ഏതൊരു സാധാരണക്കാരനും ആദ്യം പറയുന്ന വാക്കുകൾ ഇങ്ങനെത്തന്നെയാണ്. കേരളീയം സ്ഥിതി ചെയ്യുന്ന കൊക്കാലെയിലുള്ളവരുടെ ആദ്യ പ്രതികരണവും ഇങ്ങനെത്തന്നെയായിരുന്നു. സുരേഷ്ഗോപിയുടെ സിനിമകൾ കണ്ട്, നമ്മെ സംരക്ഷിക്കാനാണ് പോലീസെന്ന് വിശ്വ

# പോലീസ്‌രാജിനെ സ്വീകരിക്കുന്ന മലയാളി മനസ്സ്

'എന്തെങ്കിലും ഇല്ലാതെ പോലീസങ്ങനെ ചെയ്യുമോ?' എന്ന ചോദ്യം നമുക്കിടയിൽ സ്വാഭാവികമായി മാറിയതെങ്ങനെയെന്നും അതിന്റെ അപകടകരമായ ദുരവസ്ഥകൾ എന്തെന്നും വിശദീകരിക്കുന്നു പോലീസ് വാർത്തകൾ ഏറെക്കാലം കൈകാര്യം ചെയ്ത മാധ്യമപ്രവർത്തകൻ

**കെ. സജിമോൻ**

സിക്കുന്ന സാധാരണക്കാരുടെ പ്രതികരണങ്ങൾക്കപ്പുറം പോലീസ്‌രാജ് യാഥാർത്ഥ്യമാകുന്നതിൽ പോലീസ് സേന കൈവരിച്ച വിജയമായേ ഇതിനെ കാണാൻ കഴിയൂ.

ഒരുകാലത്ത് രാഷ്ട്രീയപ്പാർട്ടികളും നേതാക്കളുമായിരുന്നു സാധാരണക്കാരായ എല്ലാ മലയാളികളുടെയും ആശ്രയം. ഏത് പാർട്ടിയിലും മനഃസാക്ഷിയുള്ള, ജനകീയനായ ഒന്നിലധികം നേതാക്കളുണ്ടായിരുന്നു, പ്രാദേശികമായിപ്പോലും. പോലീസ് അവരെ കള്ളക്കേസുകളിൽ കുടുക്കിയാൽ ഒളിത്താവളമൊരുക്കി സംരക്ഷിക്കാൻ നാട്ടുകാർ പലരും മുന്നോട്ടുവന്നിരുന്നു. ഒരു പ്രശ്നമുണ്ടായാൽ പോലീസിനോട് കാര്യങ്ങൾ വിശദീകരിക്കാനുള്ള ചങ്കൂറ്റവും കളങ്കരാഹിത്യവും ആ രാഷ്ട്രീയക്കാർക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അത്തരം കറകളഞ്ഞ രാഷ്ട്രീയ നേതൃത്വം അപ്രത്യക്ഷമായിരിക്കുന്നു. പോലീസിന്റെ മുന്നിലെത്തി ധൈര്യപൂർവ്വം ഒരു കാര്യം സംസാരിക്കാൻ പറ്റുന്നത്രയും സംശുദ്ധിയുള്ള നേതാക്കളില്ല എന്നത് പോലീസിന്റെ ആധിപത്യത്തെ ശക്തിപ്പെടുത്തി. പോലീസ് സേന അങ്ങനെ പതിയെ മലയാളി ജീവിതത്തിൽ ആധിപത്യമുറപ്പിച്ചതോടെ അവർ പറയുന്ന ഏത് കള്ളവും ജനം വിശ്വസിക്കുന്ന സാഹചര്യം രൂപപ്പെട്ടു. 'എന്തെങ്കിലും ഇല്ലാതെ പോലീസങ്ങനെ ചെയ്യുമോ?' എന്ന ചോദ്യം നമുക്കിടയിൽ സ്വാഭാവി

കമായി. പോലീസ് പിന്നെയും തെറ്റുകൾ ചെയ്തുകൊണ്ടേയിരിക്കുന്നു. അത് തെറ്റുകളല്ലെന്ന് നമ്മൾ വിശ്വസിച്ചുകൊണ്ടും.

പോലീസ് സേനയിൽ സാധാരണക്കാരനർപ്പിച്ചിരിക്കുന്ന 'അന്ധ'വിശ്വാസം മുതലെടുത്ത് പോലീസ് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികൾ പലപ്പോഴും കുറ്റകരമായി മാറുന്നുണ്ട്. ചിലപ്പോൾ കൊലപാതക്കുറ്റം വരെ സംഭവിക്കുന്നു. അടുത്തിടെ ചൈനയിൽ നിന്നും വന്ന വാർത്ത ആർക്കും വേദനയുണ്ടാക്കുന്നതാണ്. കോടതി കുറ്റക്കാരനായി കണക്കാക്കി തൂക്കിക്കൊന്ന ഒരു യുവാവ് നിരപരാധിയാണെന്ന് അറിയുന്നത് വർഷങ്ങൾക്കുശേഷം മറ്റൊരു കേസിൽ ഒരു പ്രതിയെ വിചാരണ ചെയ്യുമ്പോഴാണ്. കോടതി മാപ്പു പറഞ്ഞെങ്കിലും തൂക്കിലേറ്റപ്പെട്ടവന്റെ അമ്മയ്ക്കും അച്ഛനും വന്ന നഷ്ടങ്ങളെ എത്ര ക്ഷമ പറഞ്ഞാലാണ് നികത്താനാവുക. ഇത് അങ്ങ് ചൈനയിലല്ലേ എന്ന് വിചാരിച്ച് ആശ്വസിക്കാനായിട്ടില്ല. കേരളത്തിലും ഇത്തരം സംഭവങ്ങൾ പോലീസ് സമർത്ഥമായി(?) അന്വേഷിച്ച് നിരപരാധികളെ പ്രതിയാക്കാറുണ്ട്.

> "ഞാനല്ല അത് ചെയ്തത്. അത് ചെയ്തവർ പൊറത്താണ്" എന്ന ജയേഷിന്റെ വാക്കുകൾ ഓരോ വിചാരണവേളയിലും കോടതിമുറിയിൽ മുഴങ്ങിക്കേട്ടപ്പോൾ മനസാക്ഷിയുള്ള ഒരു വക്കീൽ ജയേഷിനു വേണ്ടി വാദിക്കാൻ തയ്യാറായി. അദ്ദേഹമാണ്, വ്യക്തമായ തെളിവുകളില്ലാതെ പോലീസ് കെട്ടിച്ചമച്ച കഥകൾ ഇഴയെടുത്ത് പരിശോധിച്ച് വാദിച്ച് ജയേഷിനെ ജയിൽ മോചിതനാക്കിയത്.

കോഴിക്കോട് സുന്ദരിയമ്മ എന്ന സ്ത്രീ കൊല ചെയ്യപ്പെട്ട കേസിൽ ക്രൈംബ്രാഞ്ച് അന്വേഷിച്ച് പ്രതിയാക്കിയത് അനാഥനായ ജയേഷ് എന്ന യുവാവിനെയായിരുന്നു. പോലീസുണ്ടാക്കിയ തിരക്കഥ ജയേഷിനെ ഒരു വർഷത്തിലധികം ജയിലഴിക്കുള്ളിലാക്കി. അന്നും ആ നാട്ടുകാരിൽ ആരെങ്കിലും പറഞ്ഞുകാണണം: "എന്തെങ്കിലും ഇല്ലാതെ പോലീസങ്ങനെ ചെയ്യുമോ?" എന്ന്. പോലീസ് പ്രതിയെന്നു പറഞ്ഞാൽ വിചാരണ പോലും നടക്കാതെതന്നെ പത്രങ്ങളും അവരെ പ്രതിയെന്ന് വിളിക്കും. പിന്നെ നാട്ടുകാരുടെ കാര്യം പറയണോ. പോലീസ് തിരക്കഥാ രചനയ്ക്ക് പേരുകേട്ടവരാണ്. അതുകൊണ്ടാണ് ജയേഷ് എന്ന പേരിന് അത്ര ഗാംഭീര്യം തോന്നുന്നില്ലെന്നു മനസ്സിലാക്കിയതോടെ ജയേഷിനെ അവർ ജബ്ബാറാക്കി മാറ്റി. ജബ്ബാർ എന്ന പേര് ജയേഷിനെ അതിന് മുമ്പ് ആരും വിളിച്ചിരുന്നില്ലെന്നതാണ് സത്യം. അങ്ങനെ കള്ളക്കഥകളിലൂടെ പോലീസ് ജയേഷിനെ പ്രതിയാക്കിയപ്പോൾ അനാഥനായ അവനുവേണ്ടി ആരും വാദിക്കാനെത്തില്ലെന്ന് കരുതി, അന്വേഷണത്തിലെ പൊൻതൂവൽ എന്ന തലക്കെട്ടോടെ വാർത്തകൾ വരുന്നതും കാത്തിരിക്കുകയായിരുന്നു ഏമാന്മാർ. "ഞാനല്ല അത് ചെയ്തത്. അത് ചെയ്തവർ പൊറത്താണ്" എന്ന ജയേഷിന്റെ വാക്കുകൾ ഓരോ വിചാരണവേളയിലും കോടതിമുറിയിൽ മുഴങ്ങിക്കേട്ടപ്പോൾ മനസാക്ഷിയുള്ള ഒരു വക്കീൽ ജയേഷിനുവേണ്ടി വാദിക്കാൻ തയ്യാറായി. അദ്ദേഹമാണ്, വ്യക്തമായ തെളിവുകളില്ലാതെ പോലീസ് കെട്ടിച്ചമച്ച കഥകൾ ഇഴയെടുത്ത് പരിശോധിച്ച് വാദിച്ച് ജയേഷിനെ ജയിൽ മോചിതനാക്കിയത്. ഇല്ലായിരുന്നുവെങ്കിൽ ആ പാവത്തെ ഒരുപക്ഷെ ജീവപര്യന്തത്തിനോ വധശിക്ഷയ്ക്കോ വരെ വിധിച്ചേക്കാം. വർഷങ്ങൾക്കുശേഷം ഏതെങ്കിലും പ്രതി ഒരു കുറ്റസമ്മതം നടത്തുമ്പോൾ ഒരു യുവാവിന്റെ ജീവിതത്തെ ഇല്ലാതാക്കിയതിന് സാംസ്കാരിക കേരളം തലകുമ്പിട്ട് മാപ്പിരക്കേണ്ടി വന്നേക്കാം. അനാഥനായ ജയേഷിനുവേണ്ടി അന്ന് അധികമാരും കണ്ണീർതുടയ്ക്കാനില്ലാതെ അവസാനിക്കാനും മതി.

കേരളീയം മാസിക ഇതിനുമുമ്പ് ചർച്ച ചെയ്തിരുന്ന വയനാട് താമസിക്കുന്ന ശ്യാമിന്റെ അറസ്റ്റ് സംബന്ധിച്ചും പോലീസ് (തണ്ടർബോൾട്ട്) ഇതുപോലൊരു നാടകമാണ് എഴുതിയുണ്ടാക്കിയത്. അന്ന് സ്നേഹിതൻ കൂടിയായ ഒരു ഐ.ബി. ഉദ്യോഗസ്ഥനോട് അറസ്റ്റ് സംബന്ധിച്ച് സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: "ഐ.ബിയ്ക്ക് എന്തായാലും ഇതിൽ രഹസ്യവിവരങ്ങളോ മറ്റൊന്നുമില്ല. പക്ഷേ, പോലീസ് അങ്ങനെ ചെയ്തെങ്കിൽ എന്തെങ്കിലും ഇല്ലാതിരിക്കില്ലല്ലോ". പോലീസ് അങ്ങനെ ചെയ്തെങ്കിൽ എന്തെങ്കിലും ഇല്ലാതിരിക്കില്ലല്ലോ എന്ന ചോദ്യത്തിനുള്ള ഉത്തരം ഇപ്പോൾ കോടതിയുടെ പരിഗണനയിലായതിനാലും പോലീസ് കൂടുതൽ കഥകൾ മെനഞ്ഞുകൊണ്ടിരിക്കുന്നതിനാലും അതിലേക്ക് കടക്കുന്നില്ല. ഒന്നുമാത്രം പറയാം; പ്രിയപ്പെട്ട പോലീസുകാരാ, നിങ്ങൾ ഈ ഉണ്ടയില്ലാ വെടികൾ എഴുതിവച്ചോളൂ, മാവോയി

**കാർട്ടൂൺ: റഫീക്ക് അഹമ്മദ്**




കടപ്പാട്: നേരറിവ് മാസിക

സ്റ്റുകളെ അനുനയിപ്പിക്കാൻ ഒരു പോലീസുകാരൻ സിനിമയെടുക്കുന്നുവെന്ന വാർത്ത പുറത്തുവന്നിരിക്കുന്നു. അതിലൊരു ഹാസ്യതാരത്തിന് അണിയാനുള്ള വേഷം ഒരുക്കി നൽകാം.

കോഴിക്കോട്ടെ ജയേഷിൽ നിന്നും വ്യത്യസ്തമല്ലാത്ത അനുഭവമാണ് നാദാപുരത്തെ മുനീർ എന്ന ചെറുപ്പക്കാരനുമുണ്ടായത്. നാദാപുരത്ത് സ്കൂളിൽ പഠിക്കുന്ന നാലു വയസ്സുകാരി പീഡിപ്പിക്കപ്പെട്ടപ്പോൾ പോലീസ് പ്രതിയാക്കിയത് മാനേജ്മെന്റ് ചൂണ്ടിക്കാണിച്ചുകൊടുത്ത മുനീറിനെയായിരുന്നു. കുറ്റം സമ്മതിപ്പിക്കാൻ മൂന്നാംമുറ വരെ മുനീറിനുനേരെ പ്രയോഗിച്ചു. എന്നാൽ പീഡനത്തിനിരയായ പെൺകുഞ്ഞ് യഥാർത്ഥ പ്രതികളെ തിരിച്ചറിഞ്ഞിട്ടും പോലീസിന്റെയും മാനേജ്മെന്റിന്റെയും ഭാഷയിൽ മുനീർ തന്നെയായിരുന്നു പ്രതി. മതപഠനവിദ്യാർത്ഥികൾ ഉൾപ്പെട്ട കേസായതിനാലാണ് നിരപരാധിയായ ബസ് ക്ലീനർ മുനീറിനെ മാനേജ്മെന്റ് പോലീസിന് സംഘടിപ്പിച്ചു കൊടുത്തത്. മജിസ്ട്രേറ്റിന്റെ മുന്നിൽ പെൺകുഞ്ഞ് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ നാട്ടുകാർ രംഗത്തിറങ്ങിയപ്പോഴാണ് പോലീസിന് യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്യേണ്ടിവന്നതും.

ഏതാണ്ട് ഇതേ മട്ടിൽത്തന്നെയാണ് കേരളീയം ഓഫീസിൽ നടന്ന റെയ്ഡും കേരളീയം ജീവനക്കാരനും സുഹൃത്തുക്കളുമായ മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തതും. കേരളീയത്തിൽ നിന്നും കസ്റ്റഡിയിലെടുക്കപ്പെട്ട വിശ്വനാഥൻ ആലത്ത് എന്ന വിശ്വേട്ടന്റെ വാചകം ഇപ്പോഴും ഒരു മന്ത്രംപോലെ തലയിലുണ്ട്.

"നനയാതെ ഈറൻ ചുമക്കേണ്ടിവരുന്നത് വേദനാകരമാണ്."

വിശ്വേട്ടൻ ഈ വാചകം പറയുമ്പോഴുണ്ടായിരുന്ന വേദന നാളെ നമ്മളോരോരുത്തരും അനുഭവിക്കേണ്ടിവന്നേക്കാം.

കേരളീയം റെയ്ഡിൽ, നനയാതെ ഈറൻ ചുമക്കേണ്ടിവന്ന മൂന്നുപേർക്കുമൊപ്പം ഞാനും ആ വേദന അനുഭവിക്കേണ്ടിയിരുന്നതാണ്. കോഴിക്കോടുനിന്നുള്ള ബസ് വഴിയിൽ ഭക്ഷണം കഴിക്കാൻ നിർത്തിയില്ലായിരുന്നുവെങ്കിൽ ഞാനും അന്ന് അര മണിക്കൂർ മുമ്പേ, കേരളീയം ഓഫീസിൽ എത്തുമായിരുന്നു. കസ്റ്റഡിയിലെടുത്തവർക്കൊപ്പം ഞാനും ഉൾപ്പെടുമായിരുന്നു. കസ്റ്റഡിയിലെടുത്തവർക്ക് മറ്റാരെയും ബന്ധപ്പെടാൻ പറ്റാത്തവിധം ഫോണുകൾ പിടിച്ചെടുക്കുകയും ലാന്റ്ഫോൺ ഉപയോഗിക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്തു. അവരെ കൂടുതൽ ചോദ്യം ചെയ്യാനായി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. തൊട്ടുപിന്നാലെയാണ്, രാവിലെ അവിടെ വച്ചിട്ടുപോയ ബൈക്കിന്റെ താക്കോലെടുക്കുന്നതിനായി ഞാൻ കേരളീയം ഓഫീസിലെത്തുന്നത്. സമീപത്തുള്ള മുറികളിലെ പത്രപ്രവർത്തക സുഹൃത്തുക്കൾ വഴി കാര്യമറിഞ്ഞയുടനെത്തന്നെ ഞാൻ തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് വിവരം ചോദിച്ചു. പക്ഷേ, അങ്ങനെയൊരു സംഭവം അറിഞ്ഞിട്ടില്ലെന്നും മറ്റെവിടെയെങ്കിലുമായിരിക്കുമെന്നുമായിരുന്നു അവരുടെ മറുപടി. ഉടനെതന്നെ വെസ്റ്റ് സ്റ്റേഷനിലേക്ക് വിളിച്ചു. പക്ഷേ, അവരും കാര്യങ്ങളറിഞ്ഞില്ല. കൊക്കാലെയായതിനാൽ ഈസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകാനേ വഴിയുള്ളു എന്ന് വെസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്ന് അറിയിച്ചതിനെത്തുടർന്ന് വീണ്ടും ഈസ്റ്റ് സ്റ്റേഷനിലേക്ക് ഞാൻ വിളിച്ചു. സമയം രാത്രി രണ്ട് മണി കഴിഞ്ഞിരുന്നു. അപ്പോഴും അതേ പല്ലവി തന്നെ അവർ ആവർത്തിച്ച് ഫോൺ കട്ട്

ചെയ്തു. തുടർന്ന് വീണ്ടും ഫോൺ ചെയ്ത്, എന്റെ മുമ്പിൽ നടന്ന സംഭവമാണ് പത്രത്തിൽ കൊടുക്കുന്നതിനുവേണ്ടിയാണ് എന്നൊക്കെ പറഞ്ഞെങ്കിലും അവർ വിവരങ്ങൾ തരാൻ തയ്യാറായില്ല. മാത്രമല്ല, ഈ സമയത്ത് ഏതു പത്രത്തിലാണ് കൊടുക്കേണ്ടത്, പ്രിന്റിംഗ് കഴിഞ്ഞില്ലേ?, എന്തെങ്കിലും ഉണ്ടെങ്കിൽ രാവിലെ തരാം എന്നു പറഞ്ഞ് അവർ വീണ്ടും ഫോൺ കട്ട് ചെയ്തു. പത്രങ്ങളുടെ പ്രിന്റിംഗ് തുടങ്ങിയതിന് ശേഷം മാത്രം റെയ്ഡ് നടത്തിയാൽ മതി എന്നുറപ്പിച്ചാണ് പോലീസ് ആ സമയത്ത് വന്നതെന്നാണ് ഇതിൽ നിന്നും അനുമാനിക്കാൻ കഴിയുന്നത്. ഒരുപക്ഷെ, അന്ന് രാത്രിയിൽ ഞാൻ സ്റ്റേഷിനിലേക്ക് വിളിക്കുകയും പിറ്റേ ദിവസം അതിരാവിലെ തന്നെ കേരളീയം പ്രവർത്തകർ സ്റ്റേഷനിലെത്തി കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ അവർ മൂവരെയും ഏതെങ്കിലും മാവോയിസ്റ്റ് കേസിൽ ഉൾപ്പെടുത്താനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. അതാണല്ലോ കേരള പോലീസിന്റെ ചരിത്രം.

അന്ന് രാത്രിയിൽ ഞാൻ സ്റ്റേഷിനിലേക്ക് വിളിക്കുകയും പിറ്റേ ദിവസം അതിരാവിലെ തന്നെ കേരളീയം പ്രവർത്തകർ സ്റ്റേഷനിലെത്തി കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ അവർ മൂവരെയും ഏതെങ്കിലും മാവോയിസ്റ്റ് കേസിൽ ഉൾപ്പെടുത്താനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. അതാണല്ലോ കേരള പോലീസിന്റെ ചരിത്രം.

അടിയന്തരാവസ്ഥയുടെ തഴമ്പ് തൊട്ടുതലോടി രസിക്കുന്ന പോലീസുകാർ ഇപ്പോഴും സേനയിലുണ്ടെന്ന് തെളിയിക്കുന്നു ഈ സംഭവങ്ങളെല്ലാം. അതുകൊണ്ടാണ് രൂപേഷിനെ അറിയുമോ എന്ന ചോദ്യത്തിനു പിന്നാലെ കെ. വേണുവിനെ അറിയുമോ എന്നും കസ്റ്റഡിയിലെടുത്തവരോട് അവർ ചോദിച്ചത്. കെ. വേണുവിനെ അറിയാം, പല പരിപാടികളിലും ചാനൽ ചർച്ചയിലും കണ്ടിട്ടുണ്ട് എന്ന ഉത്തരത്തിനൊപ്പം കെ. വേണുവിന്റെ ചർച്ചകൾക്ക് ഇയാൾ സാക്ഷിയായിട്ടുണ്ടെന്ന് എഴുതാനുള്ള തിടുക്കം ആ പോലീസുകാരന്റെ കുശാഗ്രബുദ്ധിയിൽ തെളിഞ്ഞിട്ടുണ്ടാവുമോ?

എന്തുകൊണ്ടാണ് ജനകീയ സമരപ്രവർത്തകരെയും ജനകീയ സമരങ്ങളെ പിന്തുണയ്ക്കുന്ന കേരളീയത്തെയും പോലീസ് കടന്നാക്രമിക്കുന്നത്? ജനകീയസമരങ്ങളെ അടിച്ചമർത്തുക എന്ന ലക്ഷ്യമുള്ളപ്പോൾ തന്നെ, അടിത്തറ നഷ്ടമായിരിക്കുന്ന മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭീതികൂടി ഇത്തരം പോലീസ് നടപടികൾക്ക് പിന്നിലുണ്ട്. ജനകീയ സമരങ്ങളിലൂടെ, ജനങ്ങളുടെ പ്രശ്നങ്ങളിലിടപെട്ട് ഉയർന്നുവന്ന പ്രസ്ഥാനങ്ങളാണ് ഇന്നത്തെ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികളെല്ലാം. മുഖ്യധാരയിലേക്കെത്തിയതോടെ അവരുടെ ജനകീയമുഖം നഷ്ടമാവുകയും സാമ്പത്തിക താത്പര്യങ്ങളുടെ സംരക്ഷകരായി ഇവർ അധഃപതിക്കുകയും ചെയ്തു. ഇതോടെ ജനകീയ സമരങ്ങളും ജനകീയ പ്രശ്നങ്ങളും ഏറ്റെടുക്കുന്ന മറ്റ് ഗ്രൂപ്പുകൾ കേരളത്തിൽ ഉയർന്നുവന്നു. അത്തരം സമരങ്ങൾ പലതും തങ്ങളുടെ നിലനിൽപ്പിനെ (പ്രത്യേകിച്ച് സാമ്പത്തിക താത്പര്യങ്ങൾ) ബാധിക്കുമെന്നായപ്പോൾ അവയെ തകർക്കേണ്ടത് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടിളുടെ ആവശ്യമായി മാറി. ജനകീയ സമരപ്രവർത്തകരെ തീവ്രവാദികളായും മാവോയിസ്റ്റുകളായും ചിത്രീകരിച്ച് ജനങ്ങളിൽ നിന്നും ഒറ്റപ്പെടുത്തുകയാണ് എളുപ്പമാർഗ്ഗമെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. ഇതിന് പോലീസ് സേനയെ കൃത്യമായി ഉപയോഗിക്കുന്നതിനും അവർ ശീലിച്ചിരിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെയുള്ള ഒരു യോജിപ്പ് ഇക്കാര്യത്തിൽ കേരളത്തിലെ ഇരുമുന്നണികളും പിന്തുടരുന്നുണ്ട്.

രാഷ്ട്രീയപ്പാർട്ടികളുടെ ചട്ടുകം മാത്രമാണ് പോലീസെന്നതിന് രണ്ടേരണ്ട് ഉദാഹരണം മതിയാകും. 1. അധികാരത്തിലെത്തുന്ന രാഷ്ട്രീയപ്പാർട്ടിയുടെ കൊടിയുടെ നിറമനുസരിച്ച് മേധാവിത്തം പുലർത്തുന്ന ഏക സംഘടനയാണ് പോലീസ് അസോസിയേഷൻ. 2. മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികൾ നടത്തുന്ന ഒരു സമരത്തിൽ ഏതെങ്കിലും സ്ഥാപനത്തിനുനേരെ കല്ലേറോ അക്രമമോ ഉണ്ടാകുമ്പോൾ കൈകാര്യം ചെയ്യുന്നതുപോലെയല്ല ജനകീയ സമരങ്ങളുടെ പക്ഷത്ത് നിന്നും ഒരു സ്വാഭാവിക പ്രകോപനമുണ്ടായാൽ പോലും പോലീസ് പെരുമാറാറുള്ളത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുട ഒത്താശയോടെ പോലീസ് നടത്തുന്ന അധികാര ദുർവിനിയോഗം ഇതേ രാഷ്ട്രീയപ്പാർട്ടികൾക്കും നാളെ തിരിച്ചടിയാകും. ഇങ്ങനെ പോയാൽ ജനാധിപത്യത്തെ തകർത്ത് ഒരു പട്ടാളരണം നടമാടാൻ അധികകാലം വേണ്ടിവരില്ലെന്ന് ഓർക്കുന്നത് അവർക്കും നന്ന്. ■